"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ചിറക്കടവ് വില്ലേജിൽ ബ്ലോക്ക് 15-ൽ റീസർവെ 184/1-ൽ ഉൾപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമിയിൽ നിന്നും 40.47 ആർ ഭൂമി, ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, ജയിൽ വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ടു സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമികൈമാറ്റവ്യവസ്ഥകൾക്കും മറ്റു നിബന്ധനകൾക്കും വിധേയമായി ജയിൽ വകുപ്പിന് കൈമാറി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.326/2025/RD തീയതി,തിരുവനന്തപുരം, 12-11-2025

---

പരാമർശം:- 1. കോട്ടയം ജില്ലാ കളക്ടറുടെ 24/07/2025-ലെ DCKTM/ 3575/2024-L1 നമ്പർ കത്ത്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17/08/2025-ലെ LR/12596/2024-LR(K2) നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ പൊൻകുന്നം സ്പെഷ്യൽ സബ് ജയിലിന്റെ വികസനത്തിനായി കാഞ്ഞിരപ്പള്ളി താലൂക്കിൽ ചിറക്കടവ് വില്ലേജിൽ പൊൻകുന്നം സ്പെഷ്യൽ സബ് ജയിലിനു സമീപമുള്ളതും ബ്ലോക്ക് നമ്പർ 15 ൽ റീസർവെ 184/1 ൽപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമിയിൽ നിന്നും 40.47 ആർ സ്ഥലം ജയിൽ വകുപ്പിന് കൈമാറുന്നതിനായി പരാമർശം (1) പ്രൊപ്പോസൽ കോട്ടയം ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്. പൊൻകുന്നം സ്പെഷ്യൽ സബ് ജയിലിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ അവസ്ഥ തികച്ചും ശോചനീയമായതിനാൽ, സൗകര്യപ്രദമായ പ്രവർത്തനങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് അനിവാര്യമാണ് എന്ന് ജില്ലാ കളക്ടർ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ചിറക്കടവ് വില്ലേജിൽ ബ്ലോക്ക് 15 ൽ റീസർവെ 184/1 ൽ ഉൾപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമിയിൽ നിന്നും 40.47 ആർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ജയിൽ വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി കൈമാറി നല്കാവുന്നതാണെന്നു ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ചിറക്കടവ് വില്ലേജിൽ ബ്ലോക്ക് 15 ൽ റീസർവെ 184/1 ൽ ഉൾപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമിയിൽ നിന്നും 40.47 ആർ ഭൂമി, ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, ജയിൽ വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ടു സേവനവകുപ്പുകൾ

തമ്മിലുള്ള ഭൂമി കൈമാറ്റവ്യവസ്ഥകൾക്കും താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി ജയിൽ വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ:

ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iii. ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടില്ല;

iv. ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും ജയിൽ വകുപ്പ് തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;

v. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi. ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

vii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

3) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ കോട്ടയം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം.
തഹസിൽദാർ, കാഞ്ഞിരപ്പള്ളി താലൂക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം.
ആഭ്യന്തര വകുപ്പ് (04.10.2025 ലെ ബി2/282/2025/ആഭ്യന്തരം പ്രകാരം).
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Bini R B
സെക്ഷൻ ഓഫീസർ.
Date: 13-11-2025 11:30:25

പകർപ്പ്: റവന്യൂ മന്ത്രിയുടെ പി എസ്
റവന്യൂ സെക്രട്ടറിയുടെ പി എ